കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 18.07.2017

# അക്ഷരദൂതുമായി മന്ത്രിയെത്തി; തുല്യതാ തിളക്കത്തിൽ ചെന്നിലോട് കോളനി

തിരുവനന്തപുരം: 'വലുതാകുമ്പോൾ ആരാകണമെന്ന് ചോദിച്ചാൽ മോൾക്ക് രണ്ടാമതൊന്ന് ചിന്തിക്കേണ്ടി വന്നിട്ടില്ല. മറുപടി റെഡിയാണ്. എനിയ്ക്ക് ടീച്ചർ ആകണം.'– വർഷങ്ങൾക്കിപ്പുറം മകൾ ശ്രീദേവിയുടെ ആഗ്രഹസാഫല്യത്തിന് വാതായനം തുറന്നു കിട്ടിയ സന്തോഷത്തിലാണ് നഗരസഭയിലെ ശുചീകരണ തൊഴിലാളിയായ പ്രഭാകരൻ. സംസ്ഥാന സാക്ഷരതാമിഷനിലൂടെ ശ്രീദേവിക്ക് തുടർ പഠനം സാധ്യമായപ്പോൾ നിർധന കുടുംബത്തിന്റെ ആഹ്ലാദം കൊടുമുടിയേറി. പഠനത്തിൽ മിടുക്കിയായിരുന്ന ശ്രീദേവി പത്താംക്ലാസുവരെ പഠിച്ചു. നല്ല മാർക്കിൽ പാസായി. കുടുംബത്തിലെ പരാധീനത കാരണം ഉപരിപഠനം വഴിമുട്ടുകയായിരുന്നു.

സംസ്ഥാന സാക്ഷരതാമിഷന്റെ ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് രജിസ്ട്രേഷൻ ഫോറവുമായി ഇന്നലെ രാവിലെയാണ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ചെന്നിലോട് കോളനിയിലെ ശ്രീദേവിയുടെ വീട്ടിലെത്തിയത്. ആകസ്മകമായി മന്ത്രിയെക്കണ്ടപ്പോൾ വീട്ടുകാരിൽ അമ്പരപ്പ്. സംസ്ഥാന സാക്ഷരതാമിഷന്റെ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് രജിസ്ട്രേഷന്റെ ഭാഗമായിട്ടുള്ള ഭവന സന്ദർശനമാണെന്നറിയിച്ചപ്പോൾ അമ്പരപ്പ് ആഹ്ലാദത്തിന് വഴിമാറി. പാതിവഴിയിൽ ഉപേക്ഷിച്ച ജീവിതാഭിലാഷം സാക്ഷരതാമിഷൻ മുഖേന വീണ്ടും കരുപിടിക്കുന്നതിന്റെ സന്തോഷം ശ്രീദേവി മറച്ചുവച്ചില്ല. തുടർപഠനത്തിനുള്ള അക്ഷരദൂതുമായെത്തിയ മന്ത്രി കടകംപള്ളി സുരേന്ദ്രന് ഒരായിരം നന്ദി അറിയിച്ചാണ് ശ്രീദേവി മടക്കിയത്.

ചെന്നിലോട് കോളനിയിലെ മന്ത്രിയുടെ ഭവന സന്ദർശനം അക്ഷരാർത്ഥത്തിൽ ഫലം കണ്ടു. സാക്ഷരതാമിഷന്റെ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിൽ ചേരാൻ നിരവധി പേരാണ് സന്നദ്ധത അറിയിച്ചെത്തിയത്. എല്ലാ

വർക്കും മന്ത്രി രജിസ്ട്രേഷൻ ഫോറങ്ങൾ വിതരണം ചെയ്തു.
പലവിധ കാരണങ്ങൾ കൊണ്ട് ജീവിതത്തിൽ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നവർ സംസ്ഥാന സാക്ഷരതാമിഷന്റെ തുല്യതാ കോഴ്സുകളെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി.എസ്.ശ്രീകല, കോർഡിനേറ്റർമാരായ ഇ.വി.അനിൽ, പ്രശാന്ത്കുമാർ തുടങ്ങിയവരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. തുടർന്ന് കരിയം രണ്ടാംചിറ കോളനിയിൽ നടന്ന ഗൃഹസന്ദർശനത്തിന് ഡോ.പി.എസ്.ശ്രീകല നേതൃത്വം നൽകി.

ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ പോയവർക്കും അപൂർണമായി പഠനം നിർത്തേണ്ടവന്നവർക്കും തുടർപഠനത്തിന് അവസരം നൽകുന്ന പരിപാടിയാണ് സാക്ഷരതാമിഷൻ 1998 ഒക്ടോബർ രണ്ടിന് ആരംഭിച്ച തുല്യതാ കോഴ്സുകൾ. പത്താംതരം തുല്യതാകോഴ്സ് ആരംഭിച്ചത് 2006 മുതലാണ്. ഔപചാരിക ഏഴാം ക്ലാസോ, തുല്യത ഏഴാം ക്ലാസോ പാസായിട്ടുള്ള 17 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പത്താംതരം തുല്യതാ കോഴ്സിന് ചേരാം. പത്താംതരം തുല്യതാകോഴ്സ് പാസാകുന്നവർക്ക് എസ്.എസ്.എൽ.സി പാസായവരെ പോലെ തന്നെ ഉപരിപഠനത്തിനും പി.എസ്.സി നിയമനത്തിനും പ്രൊമോഷനും അർഹതയുണ്ട്. പത്താംതരം തുല്യതാ കോഴ്സ് കേരളത്തിനു പുറമെ കേന്ദ്രഭരണ പ്രദേശമായ മാഹിയിലും ലക്ഷദ്വീപിലും ഗൾഫ് രാജ്യങ്ങളിലും ആരംഭിച്ചു.

2015- ലാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് ആരംഭിച്ചത്. ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർ സെക്കൻഡറി കോഴ്സിനു സമാനമായ എല്ലാ വിഷയങ്ങളും (ഹ്യുമാനിറ്റീസ്, കോമേഴ്സ്, ഗ്രൂപ്പുകളിൽ) ഉൾപ്പെടുത്തിയ പാഠ്യ പദ്ധതിയാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സിനുമുള്ളത്. സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാ കോഴ്സ് പരീക്ഷ വിജയിച്ചവർ, ഔപചാരിക തലത്തിലുള്ള എസ്.എസ്.എൽ.സി വിജയിച്ചതിനുശേഷം പഠനം നിറുത്തിയവർ എന്നിവർക്ക് ഹയർ സെക്കൻഡറി തുല്യതാ കോഴ്സിനു ചേരാം. 22 വയസ്സ് പൂർത്തിയായിരിക്കണം.

പബ്ലിക് റിലേഷൻസ് ഓഫീസർ